പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 06, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം

ചോദ്യം : 2460
ശ്രീ.മോൻസ് ജോസഫ്

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്തെ പെൻഷൻകാരുടെ ഇൻഷ്വറൻസ് പദ്ധതിയിൽ നിന്ന് മാതാപിതാക്കളും മക്കളും പുറത്താകുന്ന സ്ഥിതി വിശേഷം സംജാതമായിട്ടുണ്ടോ; | കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III-ലെയും, IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളുടെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് നിലവിൽ കരട് പദ്ധതിയിൽ 'ഫാമിലി' നിർവ്വചിക്കപ്പെട്ടിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ് വിവരശേഖരണം പുരോഗമിച്ചു വരുന്നത്. |
| (ബി) | ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് സർക്കാർ സംഘടനാ നേതാക്കൾക്ക് നൽകിയിരിക്കുന്ന ഉറപ്പുകൾ പാലിക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദരുടെ ഉപദേശത്തിന്റെയും, താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals) യും തയ്യാറാക്കി വരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, പ്രാബല്യത്തീയതി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആശ്രിതർ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ. |
| (സി) | ഈ പദ്ധതിക്കുവേണ്ടി ഇൻഷ്വറൻസ് കമ്പനികൾ ഉയർന്ന പ്രീമിയം തുക ആവശ്യപ്പെട്ടിട്ടുണ്ടോ; ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം തുക വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ? | |

സെക്ഷൻ ഓഫീസർ